പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ --6054 10.07.2012- ൽ മറുപടിക്ക്

## വിദേശരാജ്യങ്ങളിലെ തൊഴിലവസരങ്ങൾ കുറയുന്ന സാഹചര്യം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. അജിത് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) അന്യരാജ്യക്കാർക്കുള്ള തൊഴിലവസരങ്ങൾ വിദേശങ്ങളിൽ കുറയുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) പ്രവാസി മലയാളികൾക്ക് അവർ ജോലി ചെയ്യുന്ന രാജ്യങ്ങളിലെ, പ്രത്യേകിച്ച് ഗൾഫ് രാജ്യങ്ങളിലെ തൊഴിൽ നിയമങ്ങളിൽ വന്ന മാറ്റങ്ങൾ കാരണം ഗണ്യമായ തോതിൽ അല്ലെങ്കിൽ ആശങ്കയുളവാക്കുന്ന രീതിയിൽ ജോലി നഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗൾഫിലെ ചില രാജ്യങ്ങളിൽ തദ്ദേശികൾക്ക് ജോലിയിൽ നിശ്ചിത സംവരണം നൽകാനായി തൊഴിൽ നിയമത്തിൽ വരുത്തിയ മാറ്റങ്ങൾ കാരണം കേരളത്തിൽ നിന്നു നടക്കുന്ന റിക്രൂട്ട്മെന്റിൽ നേരിയ കുറവ് കണ്ടുവരുന്നതു പ്രമുഖമായും ക്ലറിക്കൽ തസ്തികയിലേക്കാണ്. എന്നാൽ കേരളത്തിൽ നിന്നും റിക്രൂട്ട്മെന്റ് ഉയർത്തുന്നതിനായി ഈ വകുപ്പ് തൊഴിൽ അന്വേഷകരുടെ സാങ്കേതിക മേഖലയിലെ വൈദഗ്ധ്യവും പ്രവർത്തിപരിചയവും മെച്ചപ്പെടുത്തുന്നതിനായി വ്യാപകമായ രീതിയിൽ തൊഴിൽ വൈദഗ്ധ്യ പരിശീലന പരിപാടി നൽകി വരുന്നുണ്ട്. |

തുടർച്ച ...........

(ബി)പ്രവാസി കേരളീയരുടെ പെൻഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ ?

(ബി) 2008 – ലെ പ്രവാസി കേരളീയ ക്ഷേമ ആക്ട് പ്രകാരം നിലവിൽകൊണ്ടുവന്ന പ്രവാസി കേരളീയരുടെ ക്ഷേമ പദ്ധതിയെക്കുറിച്ച് നിരന്തരം പ്രവാസികളുടെ ഇടയിൽ പ്രചരണം നടത്തിവരുന്നു. തൽഫലമായി ഇപ്പോൾ കേരള പ്രവാസി കേരളീയ ക്ഷേമനിധിയിൽ 1,00,700 (ഒരു ലക്ഷത്തിഎഴുന്നൂറ്) പേർ അംഗങ്ങളായി നിലവിലുണ്ട്. തുടർച്ചയായി അംശാദായം അടച്ചുവരുന്നതും അറുപതുവയസ്സ് പൂർത്തിയായതുമായ അംഗങ്ങൾക്കാണ് പെൻഷന് അർഹതയുള്ളത് ബോർഡിൽ നിന്നും 2014 – 15 സാമ്പത്തിക വർഷത്തോടെ പ്രവാസികൾക്കായുള്ള പെൻഷൻ അനുവദിച്ച് തുടങ്ങുന്നതാണ്. കൂടാതെ പ്രവാസി ക്ഷേമനിധി ബോർഡ് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ച ഇൻഷ്വറൻസ് പദ്ധതി, വിദ്യാഭ്യാസ ഗ്രാന്റ്, പ്രത്യേക സഹായനിധി എന്നിവ പരിശോധിച്ചുവരികയാണ്.

സെക്ഷൻ ഓഫീസർ